വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) കേന്ദ്രസർക്കാരിന്റെ എ.പി.ഡി.ആർ.പി. പദ്ധതി നടപ്പിലാക്കി വരുന്ന ഏഴ് പട്ടണങ്ങളിലും മൂന്ന് സർക്കിളുകളിലും ഉള്ള വൈദ്യുതി ഉപഭോക്താക്കളുടെ നിലവിലുള്ള ഇലക്ട്രോ മെക്കാനിക്കൽ മീറ്റർ മാറ്റി പകരം ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുവാൻ ഇലക്ട്രിസിറ്റി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ബി) 2003 മാർച്ച് മുതൽ എ.പി.ഡി.ആർ.പി. പ്രകാരം നടപ്പിലാക്കിവരുന്ന ടൗൺ സ്കീമുകളുടെ കാലാവധി 2005 മാർച്ച് വരെയും സർക്കിൾ സ്കീമുകളുടെ കാലാവധി 2004 ഒക്ടോബർ വരെയുമാണ്. ഈ കാലയളവിനുള്ളിൽ ഘട്ടം ഘട്ടമായി ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ എല്ലാ മീറ്ററുകളും (സിംഗിൾ ഫേസും ത്രീ ഫേസും) മാറ്റി വയ്ക്കുന്നതാണ്.

(സി) ഉണ്ട്. പരാതിയുള്ള ഉപഭോക്താക്കളുടെ മീറ്ററുകൾ പരിശോധിച്ച് തകരാറുണ്ടെങ്കിൽ സൗജന്യമായി മാറ്റി സ്ഥാപിച്ചു നൽകുന്നുണ്ട്.

(ഡി) ടെലിവിഷൻ, കമ്പ്യൂട്ടർ, റിമോട്ട് ഫോൺ, മൊബൈൽ ഫോൺ ചാർജ്ജർ കൊതുക് നിവാരണി, ഇൻവെർട്ടർ, എമർജൻസി ലാമ്പ്, യു.പി.എസ്., ലൈൻ ഇൻഡിക്കേറ്റർ തുടങ്ങിയവയുടെ ചെറിയ അളവിലുള്ള ഉപഭോഗവുംകൃത്യമായി രേഖപ്പെടുത്തുന്നതിനാൽ വർദ്ധന ഉണ്ടായതായും തദനുസരണമായി ചാർജ്ജ് വർദ്ധന ഉണ്ടായതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഗുണനിലവാരമില്ലാത്ത മീറ്ററുകൾ വൈദ്യുതി ബോർഡ് സ്ഥാപിച്ചിട്ടില്ല. I.S.O. അംഗീകാരമുള്ള കമ്പനികളിൽനിന്നും I.S.I. മാർക്കുള്ള മീറ്ററുകൾ വാങ്ങി വൈദ്യുതി ബോർഡിന്റെതന്നെ മീറ്റർ ടെസ്റ്റിംഗ് യൂണിറ്റുകളിൽ ഗുണനിലവാരം ഉറപ്പുവരുത്തിയതിന് ശേഷമാണ് സ്ഥാപിക്കുന്നത്.

(എഫ്) 85.39 കോടി രൂപ.

ജയിലുകളുടെ സുരക്ഷിതത്വത്തിനും തടവുകാരുടെ സംരക്ഷണത്തിനും വേണ്ടിയുള്ള നടപടി

*19 [19] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, മത്തായി ചാക്കോ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷിതത്വത്തിനും തടവുകാരുടെ സംരക്ഷണത്തിനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാരനായ കല്ലുപുരയിൽ രവീന്ദ്രനെ തടവുകാരായ ആർ.എസ്.എസ്.-കാർ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവത്തെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഏതുരീതിയിലുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; അന്വേഷണ ചുമതല ആർക്കായിരുന്നുവെന്നും കുറ്റക്കാരായ ജയിൽ ഉദ്യോഗസ്ഥൻമാർക്കും ആർ.എസ്.എസ്. തടവുകാർക്കുമെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ഡി) അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) ജയിലുകളിൽ തടവുകാരുടെ ജീവന് സംരക്ഷണം നൽകുന്നതിനും ആർ.എസ്.എസ്. തടവുകാരിൽനിന്നുമുണ്ടാകുന്ന ആക്രമണം ആവർത്തിക്കാതിരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഉണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ വിവിധ വിഭാഗം തടവുകാർ തമ്മിൽ കൂടെക്കൂടെയുണ്ടാകുന്ന സംഘർഷം കണക്കിലെടുത്ത് തടവുകാരുടെ അനധികൃത സഞ്ചാരവും നിയമവിരുദ്ധ പ്രവൃത്തികളും തടയുന്നതിനായി ജയിലിലെ ബ്ലോക്കുകളെ വേർതിരിക്കുന്ന കമ്പിവേലി നീക്കം ചെയ്ത് പകരം സുരക്ഷിതമായ മതിലുകൾ പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജയിലുകളിൽ ജീവനക്കാരുടെയും തടവുകാരുടെയും ഇടയിൽ അച്ചടക്കം സ്ഥാപിക്കുന്നതിനും തടവുകാരുടെ സംരക്ഷണത്തിനും സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിനും അനിഷ്ട സംഭവങ്ങൾ ഉണ്ടാവാതിരിക്കാനും മറ്റുമായി ജയിലുദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 24-4-2004-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അടിക്കടിയുള്ള പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വകുപ്പുതല അന്വേഷണമാണ് നടത്തിയിട്ടുള്ളത്. അന്വേഷണച്ചുമതല ഉത്തരമേഖലാ ജയിൽ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ശ്രീ. എച്ച്. ഗോപകുമാറിനായിരുന്നു. അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരെന്നുകണ്ട ജീവനക്കാരെ സർവ്വീസിൽനിന്നും സസ്പെൻഡു ചെയ്തിട്ടുണ്ട്. അക്രമം നടത്തിയ തടവുകാരെ തിരുവനന്തപുരം സെൻട്രൽ ജയിലിലേക്കും അച്ചടക്കത്തിന് വിഘാതമുണ്ടാക്കുമെന്ന് സംശയിക്കപ്പെട്ട തടവുകാരെ വിയ്യൂർ സെൻട്രൽ ജയിലേക്കും മാറ്റി പാർപ്പിച്ചിട്ടുണ്ട്. കൂടാതെ കൊലപാതകകുറ്റമടക്കമുള്ള കുറ്റകൃത്യങ്ങൾക്ക് പോലീസ് ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) ജയിലുകളിൽ തടവുകാരെ രാഷ്ട്രീയാടിസ്ഥാനത്തിൽ തരംതിരിക്കാൻ വ്യവസ്ഥയില്ല. ജയിലുകളിൽ ജീവനക്കാരുടെയും തടവുകാരുടെയും ഇടയിൽ അച്ചടക്കം സ്ഥാപിക്കുന്നതിനും തടവുകാരുടെ സംരക്ഷണത്തിനും സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിനും അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാനും മറ്റുമായി ജയിലുദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് 24-4-2004-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അടിക്കടിയുള്ള പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly